**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 835** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് നിയോജകമണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ 2007 മുതൽ നാളിതുവരെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ കോളനി തിരിച്ച് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് നിയോജക മണ്ഡലത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ 2007 മുതൽ നാളിതുവരെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം പദ്ധതി പ്രകാരം ഏത് വർഷം എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | വിശദാംശം അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) | അനുവദിച്ച തുകയിൽ എത്ര രൂപ ചെലവഴിച്ചു; ഏതെല്ലാം പ്രവൃത്തികൾ ചെയ്തു തീർത്തു; ഇനി ചെയ്യാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതെല്ലാം; കോളനി തിരിച്ച് വ്യക്തമാക്കാമോ; | (സി) | വിശദാംശം അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (ഡി) | ബാക്കിയുള്ള പ്രവൃത്തികൾ ഇനി ചെയ്യുമോ എന്നും ഇല്ലെങ്കിൽ ചെയ്യാതിരിക്കാനുള്ള കാരണമെന്താണെന്നും അവശേഷിക്കുന്ന പ്രവൃത്തികൾക്ക് വീണ്ടും തുക അനുവദിക്കുമോ എന്നും വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി കോളനികളിൽ ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ടി പ്രവൃത്തികൾക്കാവശ്യമായ തുക അനുവദിക്കുന്നതാണ്. മായിലാംകോട്ട പട്ടികവർഗ്ഗ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് സ്ഥലം ലഭ്യമായാൽ കോർപ്പസ് ഫണ്ടിൽ തുക വകയിരുത്തി പദ്ധതി നടപ്പിലാക്കാവുന്നതാണ്. പിലികുട്ല്യ പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ള പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ